
>> ലേഖനം

ഫസൽ കാതിക്കോട്


മതമില്ലാത്ത ജീവൻ

സ്കൂളിൽ ചേർക്കാനായി കുട്ടിയോടൊപ്പം എത്തിയ രക്ഷിതാക്കളെ മുന്നിലുള്ള കസേരകളിൽ ഇരുത്തി ഹെഡ്മാസ്റ്റർ അപേക്ഷ പൂരിപ്പിക്കാൻ തുടങ്ങി:

"മോന്റെ പേരെന്താ?"

'ജീവൻ'

"കൊള്ളാം....നല്ലപേര്. അച്ഛന്റെ പേര്?"

"അൻവർ റഷീദ്"

"അമ്മയുടെ പേര്?"

"ലക്ഷ്മീദേവി"

...മുഖമുയർത്തി രക്ഷിതാക്കളെ നോക്കി ചോദിച്ചു:

**അനേകം സാമൂഹികതിന്മകൾ കൈകാര്യം ചെയ്യുന്ന കൂട്ടത്തിൽ മറ്റൊരു സാമൂഹിക തിന്മയായാണ് ഏഴാം ക്ലാസ്സിലെ സാമൂഹിക പാഠ പുസ്തകത്തിൽ മതം പരിഗണിക്കപ്പെടുന്നത്. മതവിശ്വാസികളായ വിദ്യാർഥികളിൽ ഇത് കടുത്ത ആശയക്കുഴപ്പം സൃഷ്ടിക്കും.**

# സാമൂഹ്യ പാഠത്തിലെ മതപാഠങ്ങൾ

'**ജീവിതത്തിന്റെ** അടുത്ത പരിസരങ്ങളിൽ നിരവധി പ്രശ്നങ്ങളാണ് നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. പ്രശ്നങ്ങളെ അറിയലല്ല, അതിൽ ഇടപെടലാണ് വരുംകാല ക്ലാസ് മുറികളിൽ നാം ലക്ഷ്യം വെക്കുന്നത്. ഈ പുസ്തകം ഉപയോഗിക്കേണ്ടതും അതിനുതന്നെ.' ഏഴാം ക്ലാസ്സിലെ മാറിയ പാഠപുസ്തകത്തിന്റെ ആമുഖത്തിൽ പറയുന്നു.

പാഠ്യപദ്ധതിയെ സാമൂഹികമാറ്റത്തിനു വേണ്ടി ഉപയോഗിക്കുകയെന്നത് പുതിയ പാഠ്യപദ്ധതി 1997 മുതൽ സ്വീകരിച്ചും പ്രചരിപ്പിച്ചും വന്ന സമീപനമാണ്. ഈ വർഷത്തോടെ അത് കൂടുതൽ മൂർത്തവും മൂർച്ചയുള്ളതുമായിത്തീർന്നിരിക്കുന്നു. പൊതുസമൂഹത്തിൽ അധികമൊന്നും ചർച്ച ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു മാറ്റമാണിത്. ഇതനുസരിച്ച് പാഠ്യപദ്ധതിയുടെ മുഖ്യ ഊന്നൽ സാമൂഹികജ്ഞാന നിർമിതി വാദത്തിൽനിന്നും വിമർശനാത്മക ബോധന ശാസ്ത്രത്തിലേക്ക് മാറുകയാണ്.

കേരളത്തിൽ നിലനിൽക്കുന്ന സാമൂഹിക പ്രശ്നങ്ങളെ എട്ട് തലക്കെട്ടുകളിലായി വിന്യസിക്കുകയും അവയെ കേന്ദ്രീകരിച്ചുകൊണ്ട് ഒന്നു മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ എല്ലാ വിഷയങ്ങളും പഠിപ്പിക്കുകയുമാണ് ഈ വർഷം മുതൽ ചെയ്യുന്നത്. മാറിയ പാഠപുസ്തകങ്ങൾ തയാറാക്കിയിരിക്കുന്നത് ഈ സമീപനത്തിന്റെ അടിസ്ഥാനത്തിലാണ്.

സാമൂഹിക പ്രശ്നങ്ങളെ അറിയുക. അവയെ വിശകലനം ചെയ്യുക. അവയെപറ്റി ചർച്ചകളും സംവാദങ്ങളും നടത്തുക. അവയെ പ്രശ്നവത്കരിക്കുക. പ്രശ്നപരിഹാരത്തിനായി കഴിയാവുന്ന ശ്രമങ്ങൾ നടത്തുക. അങ്ങനെ സമൂഹത്തെക്കുറിച്ചും സാമൂഹികപ്രശ്നങ്ങളെക്കുറിച്ചും അവബോധം നേടിയ ഒരു തലമുറയെ വളർത്തിയെടുക്കുക. അവരിലൂടെ സാമൂഹികമാറ്റം സാധ്യമാക്കുക. പാഠ്യപദ്ധതി മുഴക്കുന്നത് സാമൂഹിക മാറ്റത്തിന്റെ പുത്തൻ കാഹളനാദം തന്നെയാണ്. അഭിനന്ദനാർഹമായ മാറ്റമാണിത്. പരിസ്ഥിതി നാശം, ശുചിത്വം, ലഹരി, കുത്തകവത്കരണം, സ്വകാര്യവത്കരണം, പൊതുസ്ഥാപനങ്ങളുടെ തകർച്ച, സമ്പത്തിന് ലഭിക്കുന്ന പ്രാധാന്യം, മലിനീകരണം, ആഗോളതാപനം, ജാതി-മത-സാമ്പത്തിക ഉച്ചനീചത്വങ്ങൾ, സ്ത്രീധനം, സ്ത്രീ-ബാല-പിന്നാക്ക പ്രശ്നങ്ങൾ തുടങ്ങി വിവിധങ്ങളായ സാമൂഹികപ്രശ്നങ്ങളെക്കുറിച്ച് അവബോധം നേടുന്ന കുട്ടി അത് പരിഹരിക്കാനുള്ള ശ്രമങ്ങൾ കൂടി നടത്തുന്നു. അതിൽ ഇടപെടലാണ് പാഠ്യപദ്ധതിയുടെ ഉദ്ദേശ്യം. കേരളത്തിൽ പരിവർത്തനത്തിന്റെ പുത്തൻ പ്രഭാതമാണ് പാഠ്യപദ്ധതിയുടെ വാഗ്ദാനം. തീർച്ചയായും പഴയ സമീപനങ്ങളേക്കാൾ ഇത് ഒരുപടി മുന്നിൽ നിൽക്കുന്നു.

കേവലം വിവരക്കൈമാറ്റമല്ല, മനോഘടനകളുടെ നിർമാണമാണ് പാഠ്യപദ്ധതി ലക്ഷ്യംവെക്കുന്നത്. നേടിയ അവബോധങ്ങൾക്കനുസരിച്ച് മനോഭാവങ്ങളെയും സ്വഭാവങ്ങളെയും വരെ പരിവർത്തിപ്പിക്കുക, അഥവാ സവിശേഷ വ്യക്തിത്വമുള്ള വ്യക്തിയുടെ നിർമാണം എന്ന സമഗ്ര ലക്ഷ്യമാണ് പാഠ്യപദ്ധതിയുടെ ദൗത്യം. പാഠ്യപദ്ധതിയിൽ ഏതെല്ലാം

വിഷയങ്ങൾ ഉൾപ്പെടുത്തണമെന്നതും അവ എങ്ങനെ ചർച്ച ചെയ്യണമെന്നതും ഇക്കാരണത്താൽ അതിപ്രധാനമാണ്.

**മതങ്ങൾ എന്ന സാമൂഹിക പ്രശ്നം**

ഏഴാം ക്ലാസ്സിലെ സാമൂഹികപാഠപുസ്തകത്തിൽ മതവിശ്വാസത്തെ വിശകലനം ചെയ്യുന്ന ഭാഗങ്ങൾ കൂടുതൽ ഗൗരവമേറിയതായിത്തീരുന്നത് ഇത്തരമൊരു പശ്ചാത്തലത്തിലാണ്. അനേകം സാമൂഹികതിന്മകൾ കൈകാര്യം ചെയ്യുന്ന കൂട്ടത്തിൽ മറ്റൊരു സാമൂഹിക തിന്മയായാണ് ഇവിടെ മതം പരിഗണിക്കപ്പെടുന്നത്. മതവിശ്വാസികളായ വിദ്യാർഥികളിൽ ഇത് കടുത്ത ആശയക്കുഴപ്പം സൃഷ്ടിക്കും.

ഏഴാം ക്ലാസ്സിലെ 'മനുഷ്യത്വം വിളയുന്ന ഭൂമി' എന്ന രണ്ടാം അധ്യായത്തിലെ 'മതമില്ലാത്ത ജീവൻ' എന്ന ഭാഗം ഇങ്ങനെയാണ്:

**മതമില്ലാത്ത ജീവൻ**

സ്കൂളിൽ ചേർക്കാനായി കുട്ടിയോടൊപ്പം എത്തിയ രക്ഷിതാക്കളെ മുന്നിലുള്ള കസേരകളിലിരുത്തി ഹെഡ്മാസ്റ്റർ അപേക്ഷ പൂരിപ്പിക്കാൻ തുടങ്ങി.

"മോന്റെ പേരെന്താ?"

"ജീവൻ"

"കൊള്ളാം.... നല്ല പേര്. അച്ഛന്റെ പേര്?"

"അൻവർ റഷീദ്"

"അമ്മയുടെ പേര്"

"ലക്ഷ്മീ ദേവി"

ഹെഡ്മാസ്റ്റർ മുഖമുയർത്തി രക്ഷിതാക്കളെ നോക്കി ചോദിച്ചു: "കുട്ടിയുടെ മതം ഏതാ ചേർക്കേണ്ടത്?"

"ഒന്നും ചേർക്കേണ്ട, മതമില്ലെന്നു ചേർത്തോളൂ"

"ജാതിയോ?"

"അതും വേണ്ട"

ഹെഡ്മാസ്റ്റർ കസേരയിലേക്ക് ചാരിയിരുന്ന് അൽപം ഗൗരവത്തോടെ ചോദിച്ചു: "വലുതാകുമ്പോൾ ഇവന് ഏതെങ്കിലും മതം വേണമെന്ന് തോന്നിയാലോ?"

"അങ്ങനെ വേണമെന്നു തോന്നുമ്പോൾ അവൻ ഇഷ്ടമുള്ള മതം തെരഞ്ഞെടുക്കട്ടെ"

പാഠപുസ്തകം നിർമിച്ചവരുടെ കൂട്ടത്തിലുള്ള ഏതാനും ഭൗതിക തീവ്രവാദികൾ കാണുന്നതുപോലെയല്ല മതത്തെ മതവിശ്വാസികൾ വീക്ഷിക്കുന്നത്. കേരളത്തിലെ 99 ശതമാനം വരുന്ന മതവിശ്വാസികൾക്ക് അവരവരുടെ മതം ഏതെങ്കിലും അർഥത്തിൽ പുരോഗമനപരമാണ്; ആശ്വാസദായകമാണ്. ഇസ്‌ലാം മതമാവട്ടെ ആചാരാനുഷ്ഠാനങ്ങളിൽ ഒതുങ്ങി നിൽക്കാതെ സാമൂഹിക മാറ്റത്തിന്റെ ഉപാധിയായി മതത്തെ അവതരിപ്പിക്കുന്നു. കേരളത്തിൽ ഇസ്‌ലാം മതത്തിന്റെ ദാർശനികാടിത്തറകളിൽനിന്ന് ഊർജം നേടിയെടുത്ത് നന്മ നിറഞ്ഞൊരു ലോകത്തിന്റെ സൃഷ്ടിക്കായുള്ള സാമൂഹിക പ്രസ്ഥാനങ്ങൾ വരെ പ്രവർത്തിക്കുന്നു. ഇതര മതങ്ങളിലും ഏറിയും കുറഞ്ഞും ഇതു കാണാം.

**ഒരേ മതവിശ്വാസം പുലർത്തുന്നവർക്കിടയിൽത്തന്നെ വേർതിരിവുകൾ നിലനിൽക്കുന്നുണ്ടോ എന്നാണ് ചോദ്യം. ഇതു കേട്ടാൽ തോന്നുക മതവിശ്വാസികൾക്കിടയിൽ മാത്രമാണ് വേർതിരിവുള്ളതെന്നാണ്. നിരീശ്വരവാദികളിലും ഭൗതികവാദികളിലും പാർട്ടികൾക്കിടയിലും വേർതിരിവുകൾ നിലനിൽക്കുന്നു. അവ വളർന്ന് സംഘട്ടനങ്ങളിലേക്കും പരസ്പര ഉന്മൂലനങ്ങളിലേക്കും വരെ എത്തിച്ചേരുന്നു.**

കേരളത്തിൽ മതങ്ങൾ ഒരിക്കലും സാമൂഹിക വിരുദ്ധമല്ല. ഭൗതിക-നിരീശ്വര-രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ കാണപ്പെടുന്ന സാമൂഹികവിരുദ്ധത തന്നെയേ സ്വന്തം താൽപര്യങ്ങളുടെ പേരിൽ മതസമൂഹങ്ങളും പുലർത്തുന്നുള്ളൂ. എന്നല്ല, ചിലപ്പോൾ അവർ ഉയർന്നു നിൽക്കുകയും ചെയ്യുന്നു. മാറാട് സംഭവങ്ങൾ നടന്നപ്പോൾ എല്ലാ മതവിഭാഗങ്ങളും അതിനെ അപലപിക്കുകയും പ്രായശ്ചിത്തം ചെയ്യാൻ മുന്നോട്ടുവരികയും ചെയ്തു. എന്നാൽ പുരോഗമനവാദികളെന്ന് നാം കരുതുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കണ്ണൂർ കൊലപാതകങ്ങളെ ന്യായീകരിക്കുകയും വെല്ലുവിളികൾ നടത്തുകയുമാണ് ചെയ്തത്.

ഭൗതികവാദികളും നിരീശ്വരവാദികളുമായ ഏതാനും ചിലരുടെ മതത്തെ സംബന്ധിച്ച വീക്ഷണമാണ് 'മതമില്ലാത്ത ജീവൻ' എന്ന ഭാഗത്ത് പ്രതിഫലിക്കുന്നത്. അവർക്ക് അവലംബിക്കാവുന്ന രീതി മാത്രമാണിത്. അവരിൽതന്നെ സാമാന്യ ബോധമുള്ളവർ ഈ രീതി സ്വീകരിക്കാറില്ല. അവഗണിക്കാവുന്നവിധം ന്യൂനപക്ഷമായ ഭൗതിക നിരീശ്വര തീവ്രവാദികളുടെ വീക്ഷണങ്ങൾ അടിച്ചേൽപിക്കുന്നതിനായി പാഠപുസ്തകത്തിൽ ഇടമുണ്ടെങ്കിൽ മതവിശ്വാസത്തിനു വേണ്ടി എത്ര പേജുകൾ നീക്കിവെക്കേണ്ടിവരും? അതല്ലേ ജനാധിപത്യ മര്യാദ?

മതത്തിന്റെ പേരിൽ അറിയപ്പെടുന്നത് കുറച്ചിലാണെന്നും പുരോഗമനവിരുദ്ധമാണെന്നും കേരളത്തിലെ ഭൂരിഭാഗം ജനങ്ങളും കരുതുന്നില്ല. ഇത്തരമൊരവസ്ഥയിൽ മതമില്ലെന്ന് രജിസ്റ്ററിൽ ചേർക്കുമ്പോൾ ലഭിക്കുന്ന ഗുണമെന്തെന്ന് പാഠം തയാറാക്കിയവർ വിശദീകരിക്കണം.

മതങ്ങൾ സാമൂഹിക വിഭജനങ്ങൾക്കുത്തരവാദിയാണ് എന്നാണുത്തരമെങ്കിൽ അതേ ഉത്തരവാദിത്വം സാമൂഹിക-രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഏറ്റെടുക്കേണ്ടിവരും. സമ്പത്ത്, ജാതി, രാഷ്ട്രീയം ഇവ മതങ്ങളോടൊപ്പമോ അതിലേറെയോ സാമൂഹിക അസമത്വങ്ങൾക്കു ഉത്തരവാദിയാണ്. പാർട്ടി ഗ്രാമങ്ങൾ വരെ സൃഷ്ടിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളെ ഇതിൽനിന്നൊഴിവാക്കുന്നത് നീതിയല്ല.

ഗൗരവമേറിയ മറ്റൊരു വിഷയം ജാതിയും ചേർക്കേണ്ടതില്ലെന്ന പരാമർശമാണ്. ഇപ്പോൾതന്നെ ഉന്നത വർഗങ്ങളുടെ കുത്തകാധിപത്യമുള്ള അധികാര-ഉദ്യോഗ-വിദ്യാഭ്യാസ മേഖലകളിൽ ജാതിരഹിതനായി മത്സരിക്കേണ്ടി വന്നാൽ പിന്നാക്ക വിഭാഗങ്ങളുടെ നാശത്തിലായിരിക്കും അത് കലാശിക്കുക. എല്ലാ വിഭാഗങ്ങളും തുല്യമായ അവസരങ്ങൾ നേടിയെന്നുറപ്പുവരുത്തിയതിനുശേഷം ജാതി ചേർക്കേണ്ടതില്ലെന്ന് തീരുമാനിക്കാവുന്നതാണ്. സംവരണരഹിത പ്രവേശനം സ്വകാര്യ -സ്വാശ്രയ കുത്തകകൾക്ക് ലോട്ടറിയടിച്ചതുപോലെ സന്തോഷപ്രദമായിരിക്കും. സാമൂഹിക യാഥാർഥ്യങ്ങൾക്കു നേരെ കണ്ണടച്ചാൽ അവ ഇല്ലാതാവുകയില്ലെന്ന സാമാന്യബോധം പോലും പാഠപുസ്തക നിർമാതാക്കൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു.

തുടർന്ന് ചേർത്തിരിക്കുന്ന നെഹ്റുവിന്റെ ഉദ്ധരണി (പേജ് 25) ഇങ്ങനെ വായിക്കാം: 'എന്റെ മരണശേഷം എനിക്കായി യാതൊരു മതകർമങ്ങളും നടത്തണമെന്ന് എനിക്കാഗ്രഹമില്ലെന്ന് ഉള്ളഴിഞ്ഞ് പ്രഖ്യാപിക്കാൻ ഞാനഭിലഷിക്കുന്നു. അങ്ങനെയുള്ള യാതൊരു ചടങ്ങുകളിലും ഞാൻ വിശ്വസിക്കുന്നില്ല. ഒരു ഉപചാരമെന്ന നിലയിൽ പോലും അവക്ക് വിധേയനാവുന്നത് കാപട്യവും നമ്മെത്തന്നെയും മറ്റുള്ളവരെയും മിരട്ടാനുള്ള ഒരു ശ്രമവും ആയിരിക്കും.'

ഇത് ഒരു സന്ദേഹവാദിയായിരുന്ന അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ശരിതന്നെയാണ്. മതരഹിതനായ ഒരു പ്രശ

സ്തന്റെ ഉദ്ധരണി ലഭ്യമാണെന്നതുപോലെ മതവിശ്വാസികളായ അനേകം പ്രശസ്തരുടെ ഉദ്ധരണികളും ലഭ്യമാണ്. ഗാന്ധിജി തന്നെ ഉദാഹരണം. വ്യക്തിപരവും സാമൂഹികവും രാഷ്ട്രീയവുമായ എല്ലാ കാര്യങ്ങളും അദ്ദേഹത്തിന് മതത്തിന്റെ കാര്യങ്ങളായിരുന്നു. അവയൊന്നും ചേർക്കാതെ മതത്തിനുനേരെ ഏകപക്ഷീയമായ ഉദ്ധരണികൊണ്ടുള്ള ആക്രമണം മതവിശ്വാസികളെ മിരട്ടാനുള്ള ഒരു തന്ത്രം തന്നെയാണ്.

വാസ്തവത്തിൽ ഭൗതികവാദവും നിരീശ്വരവാദവും അന്തിമ വിശകലനത്തിൽ മറ്റൊരു മതം തന്നെയാണ്. ശാസ്ത്രം പോലും അഗാധതയിൽ വിശ്വാസങ്ങളിൽ മുട്ടിനിൽക്കുന്ന കാഴ്ചയാണുള്ളത്. അപ്പോൾ വിശ്വാസം ഒരു മാനുഷിക സവിശേഷതയായി പരിഗണിക്കുകയാണുചിതം.

മതങ്ങളെല്ലാം മനുഷ്യസ്നേഹമാണ് ലക്ഷ്യമാക്കുന്നതെന്ന് മഹാഭാരതം, ബൈബിൾ, നബിവചനം തുടങ്ങിയവ ഉദ്ധരിച്ച് വിശദീകരിക്കുകയാണ് തുടർന്ന് ചെയ്യുന്നത്. ശരിയായ അവതരണത്തിന്റെ മികച്ച മാതൃകയാണിത്. മതങ്ങളിലെ നന്മകൾ തുറന്നുകാണിക്കുകയും ഭിന്നതകൾ മതവിരുദ്ധമാണെന്ന് വെളിപ്പെടുത്തുകയുമാണിവിടെ. എന്നാൽ മതം തന്നെ വേണ്ടതില്ല എന്ന് സ്ഥാപിച്ചതിനു ശേഷമാണ് ഈ മഹത്ത്വ ഘോഷണം. ഈ വൈരുധ്യം കുട്ടികൾ എങ്ങനെയാണുൾക്കൊള്ളുക?

## ആന്തമാൻ നിക്കോബാറിലെ മിശ്രവിവാഹം

പേജ് 26 മുതൽ 'ആഘോഷങ്ങളുടെ നാട്' എന്ന തലവാചകത്തിനു കീഴെ ഇങ്ങനെ പറയുന്നു: "ആൻഡമാൻ-നിക്കോബാർ ദ്വീപുകളിലെ സാംസ്കാരിക തനിമകൾ സവിശേഷതയാർന്നതാണ്. ഹിന്ദു-മുസ്ലിം-ക്രിസ്ത്യൻ-സിക്ക് എന്നിങ്ങനെ എല്ലാ മതക്കാരുമുണ്ടിവിടെ. എല്ലാവരുടെയും ആരാധനാലയങ്ങളുമുണ്ട്. ഹോളി, ദുർഗാപൂജ, ദീപാവലി, പൊങ്കൽ, പെരുന്നാൾ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷങ്ങൾ എല്ലാവരും ചേർന്നാണ് കൊണ്ടാടുന്നത്. മതം മാറിയുള്ള വിവാഹങ്ങൾ ആൻഡമാൻ നിവാസികൾക്ക് ഒരു പുതുമയേയല്ല. ഒരു വീട്ടിലെ നാലു പെൺകുട്ടികൾ നാലു വ്യത്യസ്ത മതക്കാരെ വിവാഹം ചെയ്യുന്നതുപോലും ഇവിടെ സർവ സാധാരണമാണ്."

ആന്തമാൻ-നിക്കോബാർ ഇന്ത്യയുടെ ഒരു കൊച്ചു പതിപ്പായാണ് കരുതപ്പെടുന്നത്. ഇന്ത്യയുടെ എല്ലാ ഭാഗങ്ങളെയും പ്രതിനിധീകരിക്കുന്നവർ അവിടെയുണ്ട്. ഭിന്ന വിഭാഗങ്ങൾ അവിടെ ഒന്നിച്ച് കഴിയുന്നു. ആഘോഷങ്ങളിൽ അവർ പങ്കുചേരുന്നു. ഇതെല്ലാം അത്യന്തം ശ്ലാഘനീയമാണ്. എന്നാൽ പ്രശ്നാധിഷ്ഠിത പഠനരീതിയിൽ മതംഎന്ന പ്രശ്നത്തെ കൈകാര്യം ചെയ്യുന്നതിനാണ് അതു സംബന്ധിച്ച പാഠഭാഗത്തിന്റെ അവസാന ഭാഗം ഉപയോഗിച്ചിരിക്കുന്നത്.

മതമുള്ളവനും ഇല്ലാത്തവനും മിശ്രവിവാഹം ചെയ്യുന്നതിന് ഇന്ത്യയിൽ തടസ്സങ്ങളൊന്നുമില്ല. മതത്തിന് പ്രാധാന്യം കൽപിക്കാത്തവർക്ക് മതം മാറിയുള്ള വിവാഹങ്ങൾ പ്രശ്നമല്ല. ആന്തമാനിലെ ഒരു ന്യൂനപക്ഷം അങ്ങനെ ചെയ്യുന്നുണ്ട്. അവിടെയുള്ള ആറ് പ്രധാന ഗോത്രവർഗക്കാർ മറ്റൊരു വിഭാഗത്തെ വിവാഹം കഴിക്കുന്നതുപോയിട്ട് അങ്ങോട്ട് കടന്നുചെല്ലുന്നതിനു പോലും നിയന്ത്രണങ്ങൾ കൽപിക്കുന്നവരാണ്. കുടിയേറ്റക്കാർ നൽകിയ വിവാഹപരസ്യങ്ങൾ പരിശോധിച്ചപ്പോൾ ബഹുഭൂരിഭാഗവും മതത്തിന്റെ അടിസ്ഥാനത്തിൽ പരസ്യം നൽകിയവരും സ്വമതക്കാരെത്തന്നെ തേടുന്നവരുമാണ്.

വസ്തുതാപരമായ പിശക് അവഗണിച്ചാലും, വിവാഹക്കാര്യത്തിൽ നമ്മുടെ നാടിന്റെ അവസ്ഥയെന്താണ്? നിരീശ്വര, ഭൗതികവാദികളും കമ്യൂണിസ്റ്റുകാരും എന്തുകൊണ്ടാണ് നിരീശ്വരവാദികളെയും കമ്യൂണിസ്റ്റുകാരെയും തന്നെ ഇണയാക്കുന്നത്? എന്തുകൊണ്ട് അവർ മതവിശ്വാസികളെ ഇണയായി സ്വീകരിക്കുന്നില്ല? ഈ ചോദ്യത്തിന്റെ ഉത്തരം തന്നെയാണ് മതവിശ്വാസികൾ അതേ മതവിശ്വാസികളെ തെരഞ്ഞെടുക്കുന്നതിന് ന്യായമായിട്ടുള്ളത്.

**നിരീശ്വരവാദവും ഭൗതികവാദവും പുരോഗമനപരമാണെന്നും മതങ്ങളെല്ലാം തികച്ചും പിന്തിരിപ്പനാണെന്നും കേരളത്തിലെ ഭൂരിഭാഗം ജനങ്ങളും വിശ്വസിക്കുന്നില്ല. എന്നിരിക്കെ, മതങ്ങൾ തികച്ചും പ്രതിലോമകരമാണെന്നു സ്ഥാപിക്കാൻ നടത്തുന്ന ശ്രമങ്ങൾക്കു പിന്നിൽ മതങ്ങളെയും വിശ്വാസത്തെയും സംബന്ധിച്ച ഇടതുപക്ഷ മുൻധാരണകളും സ്ഥാപിത താൽപര്യങ്ങളുമാണുള്ളത്.**

വിവാഹത്തിൽ പരമാവധി പൊരുത്തം ആഗ്രഹിക്കുന്നത് ശാന്തമായ കുടുംബജീവിതത്തിനു വേണ്ടിയാണ്. ജോലിയിൽ പോലും പൊരുത്തം ആഗ്രഹിക്കുന്നതുകൊണ്ടാണ് വിപ്ലവ അധ്യാപക സംഘടനകളിലെ ഒട്ടേറെയാളുകളുടെ ഇണകൾ അധ്യാപകർ തന്നെയായത്. മതത്തിന്റെ ആശയങ്ങളിൽ, ചിന്താഗതികളിൽ, സ്വഭാവങ്ങളിൽ, സാമ്പത്തിക നിലയിൽ, സൗന്ദര്യത്തിൽ ഒക്കെ പൊരുത്തം കാംക്ഷിക്കുന്നത് അവരവരുടെ താൽപര്യങ്ങൾക്കു വേണ്ടിയാണ്. ഭൗതികമായ പൊരുത്തവും ആശയപരമായ പൊരുത്തവുമുണ്ട്. സമ്പത്ത്, തറവാട്, ജാതി തുടങ്ങിയവയൊക്കെ ഭൗതികമാണ്. ഇതുപോലും വേണ്ടെന്നുവെക്കാൻ ഒരൊറ്റ വിപ്ലവകാരിയും തയാറല്ല. മതവും സംഘടനാ ബന്ധവുമൊക്കെ ആശയപരമാണ്. ഇതിൽ മാറ്റം വരുത്തുക പ്രയാസമേറിയതാണ്. വ്യത്യസ്ത ആശയക്കാരെ പൊരുത്തപ്പെടുത്തിയേ തീരൂ എന്ന് വാശി പിടിക്കുന്നത് സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയേയുള്ളൂ. മതവും വിശ്വാസവും ആശയാദർശങ്ങളും വിവാഹത്തിൽ പ്രധാനമല്ല എന്നു പറയുന്നതിനും മുമ്പ് സമ്പത്തും ജാതിയും തറവാടും സൗന്ദര്യവും പ്രധാനമല്ല എന്നാണ് പറയേണ്ടിയിരുന്നത്. ഒരു സമൂഹത്തിന്റെ ജീവിതരീതി പഠിപ്പിക്കുന്നതിനു വേണ്ടിയല്ല, മതം അപ്രധാനമാണ് എന്ന അവബോധം കുട്ടികളിൽ നിർമിക്കുന്നതിനു വേണ്ടിയാണ് ഈ പാഠഭാഗം ഉൾപ്പെടുത്തിയതെന്നു വ്യക്തം.

## മുൻധാരണകളുടെ അന്ധകാരം

നിരീശ്വരവാദവും ഭൗതികവാദവും പുരോഗമനപരമാണെന്നും മതങ്ങളെല്ലാം തികച്ചും പിന്തിരിപ്പനാണെന്നും കേരളത്തിലെ ഭൂരിഭാഗം ജനങ്ങളും വിശ്വസിക്കുന്നില്ല. എന്നിരിക്കെ, മതങ്ങൾ തികച്ചും പ്രതിലോമകരമാണെന്നു സ്ഥാപിക്കാൻ നടത്തുന്ന ശ്രമങ്ങൾക്കു പിന്നിൽ മതങ്ങളെയും വിശ്വാസത്തെയും സംബന്ധിച്ച ഇടതുപക്ഷ മുൻധാരണകളും സ്ഥാപിത താൽപര്യങ്ങളുമാണുള്ളത്. ഈ വസ്തുതക്ക് അടിവരയിടുന്നതാണ് 27-ാം പേജിലെ ചോദ്യവും ഉത്തരവും. 'അതൊന്നും എന്നെ ബാധിക്കില്ല' എന്ന തലക്കെട്ടിൽ ചോദിക്കുന്നു: 'താഴെ പറയുന്ന വിവിധ പ്രശ്നങ്ങൾ ഏതു മതക്കാരെയാണ് കൂടുതൽ ബാധിക്കുക?'

'ഉത്തരം-വിലക്കയറ്റം, കുടിവെള്ളക്ഷാമം, പകർച്ചവ്യാധികൾ, ഭൂകമ്പം...' തുടർന്ന് കുട്ടിയുടെ കണ്ടെത്തലുകൾ എഴുതാൻ ഇടം നൽകിയിരിക്കുന്നു.

ഇതിൽനിന്ന് ലഭിക്കുന്ന കണ്ടെത്തലുകൾ എന്തായിരിക്കും? മനുഷ്യനെ ബാധിക്കുന്ന ഒരൊറ്റ പ്രശ്നത്തിലും മതങ്ങൾക്കൊന്നും ചെയ്യാനില്ല. അതിനാൽ മതങ്ങൾ പൂർണമായും അപ്രസക്തങ്ങളാണ്. ഇത്തരം പ്രശ്നങ്ങൾക്ക് മതത്തിൽ പരിഹാരം തേടിയാൽ പ്രശ്നം കൂടുതൽ രൂക്ഷമാവുകയാണ് ചെയ്യുക. കുട്ടിയുടെ ലളിത ബുദ്ധിയിൽ നിന്നുള്ള കണ്ടെത്തലുകൾ ഇതൊക്കെയായിരിക്കും. ചരിത്രത്തിൽ മതം നിർവഹിച്ചിരുന്ന സാമൂഹിക ദൗത്യങ്ങൾക്കു നേരെ കണ്ണടച്ച് ഇരുട്ടാക്കുകയാണിവിടെ ചെയ്യുന്നത്. സൂനാമി ദുരന്തത്തിൽ മതാധിഷ്ഠിത നാടുകളും അല്ലാത്തവയും ഉണ്ടായിരുന്നു. എന്നാൽ ദുരിതാശ്വാസത്തിൽ എന്തു വ്യത്യാസമാണുണ്ടായത്? അതേസമയം തികച്ചും ഭൗതികവത്കരിക്കപ്പെട്ട പുരോഗമന അമേരിക്കയിൽ കത്രീനയും റീത്തയും ആഞ്ഞടിച്ചപ്പോൾ ദുരിതാശ്വാസം ഭൂരിഭാഗം പേർക്കും ലഭിച്ചില്ലെന്നു മാത്രമല്ല, അതിന് ഏൽപിക്കപ്പെട്ട കമ്പനികളും അധികാരികളും ഒത്തുകളിച്ച് അഴിമതി നടത്തുകയും ചെയ്തു. മതം പ്രദാനം ചെയ്യുന്ന മൂല്യങ്ങൾ, ദുരന്തങ്ങളിൽനിന്ന് അതിവേഗം മുക്തി നേടാൻ സഹായിച്ചതിന് കേരളം പോലും മാതൃകയാണ്. മതദർശനങ്ങളിൽനിന്ന് പ്രചോദനം നേടി സാമൂഹിക, രാഷ്ട്രീയ സേവനങ്ങൾ നടത്തുന്ന മനുഷ്യരെയെല്ലാം അവഗണിക്കുകയാണിവിടെ. ലോകത്തിന്റെയും പ്രത്യേകിച്ച് ഇന്ത്യയുടെയും ചരിത്രത്തിലുടനീളം ശോഭയാർന്നു നിൽക്കുന്ന അത്തരം വ്യക്തികളെ തമസ്കരിക്കുകയാണ്.

ഇനി മറുവശത്ത് ഇക്കാര്യത്തിൽ ഇടപെടുമെന്ന് നാം കരുതുന്ന രാഷ്ട്രീയ, സാമൂഹിക പ്രസ്ഥാനങ്ങളുടെ അവസ്ഥയെന്താണ്? അവരിന്ന് ആഗോള യജമാനന്മാരുടെയും കുത്തകകളുടെയും കൂട്ടിക്കൊടുപ്പുകാരാണ്. അക്രമങ്ങളും കൊലപാതകങ്ങളും നടത്തുകയും അവയെ നിർലജ്ജം ന്യായീകരിക്കുകയും ചെയ്യുന്നവരാണ്. ദരിദ്രന്റെ ദീനരോദനങ്ങൾക്കു നേരെ കണ്ണടക്കുകയും അതേസമയം സമ്പന്നന്റെ അടുക്കള നിരങ്ങുകയും ചെയ്യുന്നവരാണവർ. ഇടതും വലതും തമ്മിൽ ഇക്കാര്യത്തിൽ വലിയ അന്തരമൊന്നുമില്ല. സമ്പത്തുതന്നെയാണ് ദൈവം എന്ന് മതക്കാരേക്കാൾ വലിയ ഉച്ചത്തിൽ അവർ പ്രവൃത്തികളിലൂടെ വിളിച്ചു പറയുന്നു. കിട്ടിയ അവസരമുപയോഗിച്ച് മതങ്ങളെയൊന്നടങ്കം നിന്ദിക്കാൻ ശ്രമിക്കുകയാണിവിടെ. നിലവിലുള്ള സാഹചര്യത്തിൽ ഈ ചോദ്യത്തിന് കൂടുതൽ അർഹരായിരിക്കുന്നത് കക്ഷിരാഷ്ട്രീയക്കാരാണ്. എല്ലാ ദുരന്തങ്ങളും എല്ലാ മനുഷ്യരെയും ഒന്നുപോലെ ബാധിക്കും. അത്തരം സന്ദർഭങ്ങളിൽ ഭിന്നതകൾ മറന്ന് ഒന്നായി നിന്ന പാരമ്പര്യമാണ് നമ്മുടെ നാടിനുള്ളത്. ഒരുമയുടെ ആഹ്വാനത്തിനു പകരം ഭിന്നിപ്പിന്റെ ആക്രോശമാണ് ഈ ചോദ്യത്തിലുള്ളത്.

**ഭൗതികവാദികളും നിരീശ്വരവാദികളുമായ ഏതാനും ചിലരുടെ മതത്തെ സംബന്ധിച്ച വീക്ഷണമാണ് 'മതമില്ലാത്ത ജീവൻ' എന്ന ഭാഗത്ത് പ്രതിഫലിക്കുന്നത്. അവർക്ക് അവലംബിക്കാവുന്ന രീതി മാത്രമാണിത്. അവരിൽതന്നെ സാമാന്യ ബോധമുള്ളവർ ഈ രീതി സ്വീകരിക്കാറില്ല. അവഗണിക്കാവുന്നവിധം ന്യൂനപക്ഷമായ ഭൗതിക നിരീശ്വര തീവ്രവാദികളുടെ വീക്ഷണങ്ങൾ അടിച്ചേൽപിക്കുന്നതിനായി പാഠപുസ്തകത്തിൽ ഇടമുണ്ടെങ്കിൽ മതവിശ്വാസത്തിനു വേണ്ടി എത്ര പേജുകൾ നീക്കിവെക്കേണ്ടിവരും?**

## പ്രശ്നവത്കരണം പ്രശ്നങ്ങൾ സൃഷ്ടിക്കുമ്പോൾ

23-ാം പേജിൽ ഒരേ മതവിശ്വാസം പുലർത്തുന്നവർക്കിടയിൽത്തന്നെ വേർതിരിവുകൾ നിലനിൽക്കുന്നുണ്ടോ എന്നാണ് ചോദ്യം. ഇതു കേട്ടാൽ തോന്നുക മതവിശ്വാസികൾക്കിടയിൽ മാത്രമാണ് വേർതിരിവുള്ളതെന്നാണ്. നിരീശ്വരവാദികളിലും ഭൗതികവാദികളിലും പാർട്ടികൾക്കിടയിലും വേർതിരിവുകൾ നിലനിൽക്കുന്നു. അവ വളർന്ന് സംഘട്ടനങ്ങളിലേക്കും പരസ്പര ഉന്മൂലനങ്ങളിലേക്കും വരെ എത്തിച്ചേരുന്നു.

തീർച്ചയായും മതവിശ്വാസികൾക്കിടയിൽ വേർതിരിവുകൾ നിലനിൽക്കുന്നു. ജാതി തന്നെയാണ് അതിൽ പ്രധാനം. പരസ്പര വിവാഹവും ആരാധനയും വരെ ജാതിയുടെ പേരിൽ വിലക്കപ്പെട്ടിരിക്കുന്നു. ഒരൊറ്റ പാർട്ടിക്കും ഇതിൽ മാറ്റം വരുത്താൻ സാധിച്ചിട്ടില്ല. ഇസ്‌ലാമിലും ക്രിസ്തുമതത്തിലും ചില ഉപരിതല ഭിന്നതകൾ നിലനിൽക്കുന്നു. ഇത്തരം ഭിന്നതകൾ അവസാനിപ്പിക്കുക എന്നതല്ല ഇവിടെ ചോദ്യത്തിന്റെ ഉദ്ദേശ്യം. വിശ്വാസികളിലെ ഭിന്നതകൾ എടുത്തുകാട്ടി മതം പ്രതിലോമകരമാണെന്ന് വിശ്വസിപ്പിക്കുകയാണ്. അതല്ലെങ്കിൽ ചോദ്യം ഇങ്ങനെ മാറ്റേണ്ടതാണ്: മതങ്ങളിലും രാഷ്ട്രീയ പാർട്ടികളിലും സാമൂഹിക പ്രസ്ഥാനങ്ങളിലും ഭിന്നതകൾ നിലനിൽക്കുന്നുണ്ടോ? അവ സാമൂഹിക പ്രശ്നമായിത്തീരാറുണ്ടോ?

ശ്രദ്ധേയമായ മറ്റൊരു ചോദ്യം വസ്ത്രധാരണത്തെക്കുറിച്ചാണ്. ഇന്ന് നമ്മുടെ നാട്ടിലെ സ്ത്രീകൾക്ക് വസ്ത്രധാരണത്തിന്റെ പേരിൽ എന്തെങ്കിലും വിലക്കുകളോ നിയന്ത്രണങ്ങളോ നിലനിൽക്കുന്നുണ്ടോ? പൊതുവസ്ത്രധാരണ രീതി വേർതിരിവുകൾ ഇല്ലാതാക്കാൻ എത്ര മാത്രം സഹായിച്ചിട്ടുണ്ട്. മതചർച്ചക്കിടയിലെ വസ്ത്രധാരണത്തെ സംബന്ധിക്കുന്ന ചോദ്യം ഉന്നംവെക്കുന്നത് കന്യാസ്ത്രീകളെയും മുസ്‌ലിം സ്ത്രീകളെയും മറ്റു മതാടിസ്ഥാനത്തിലുള്ള വേഷവിധാനങ്ങളെയുമാണെന്ന് വ്യക്തം. മതം അവരെ അടക്കിവെച്ച് വികൃത വേഷം ധരിപ്പിച്ച് പുറത്തിറക്കുന്നുവെന്നും, അത് കേരളത്തിന്റെ മുഖത്തിന് മതഛായ നൽകുന്നുവെന്നും മതേതര ഭൗതിക തീവ്രവാദികളായ ചിലർ കഴിഞ്ഞ ചില വർഷങ്ങളായി ആരോപിച്ചുവരുന്നുണ്ട്.

'പൊതു വസ്ത്രധാരണരീതി സാമൂഹിക വേർതിരിവുകൾ ഇല്ലാതാക്കാൻ സഹായിക്കുന്നു. പ്രത്യേക വസ്ത്രധാരണരീതി വേർതിരിവുകൾ സൃഷ്ടിക്കുന്നു'. രണ്ടാമത്തെ ചോദ്യത്തിൽനിന്ന് സ്വാഭാവികമായും എത്തിച്ചേരുന്ന ഉത്തരമിതാണ്. ചോദ്യംതന്നെ ഉത്തരം ഉള്ളിലൊളിപ്പിച്ചിരിക്കുന്നു. യഥാർഥത്തിൽ ലോകത്തിലൊരിടത്തും വസ്ത്രധാരണരീതി ജനങ്ങളുടെ ഐക്യത്തിനോ സൗഹൃദത്തിനോ തടസ്സമായിട്ടില്ല. കേരളത്തിൽ നൂറ്റാണ്ടുകളായി മതസഹിഷ്ണുത നിലനിന്നുപോരുന്നത് ഔരോ മതവിഭാഗവും വസ്ത്രധാരണയിലടക്കം വ്യത്യസ്തത നിലനിർത്തിക്കൊണ്ടുതന്നെയാണ്. മതത്തിന്റെയോ രാഷ്ട്രീയത്തിന്റെയോ പേരിൽ വിദ്വേഷങ്ങൾ പ്രചരിപ്പിക്കപ്പെടുമ്പോൾ അതിൽ വീണുപോകുന്നവർക്ക്, ഇതര മതക്കാരൻ തന്റെ മതത്തിന്റെ പുരോഹിത വേഷം ധരിച്ചാൽ പോലും അസഹിഷ്ണുതയോടെയേ കാണാൻ സാധിക്കൂ. സാമൂഹിക ഐക്യത്തിന്റെ കാര്യത്തിൽ അവഗണിക്കാവുന്ന വിധം അപ്രധാനമാണ് വസ്ത്രധാരണ

ത്തിലെ ഭിന്നതകൾ.

പിന്നെ എന്തുകൊണ്ട് വസ്ത്രധാരണത്തെ ഇത്രമാത്രം പ്രാധാന്യം നൽകി പ്രശ്നവത്കരിക്കുന്നുവെന്ന ചോദ്യം പ്രസക്തമാണ്. മതം സമൂഹത്തിൽ യാതൊരു കാരണവശാലും ഇടപെടാനേ പാടില്ല എന്ന് വാശിപിടിക്കുന്ന ഭൗതിക നിരീശ്വര തീവ്രവാദികൾ ഇന്നും പാശ്ചാത്യലോകത്ത് കുറച്ചൊക്കെയുണ്ട്. അവരെ സംബന്ധിച്ചേടത്തോളം മതം അനുശാസിക്കുന്ന വസ്ത്രധാരണം പൊതുരംഗത്ത് പാടില്ല. മതം അനുശാസിക്കുന്ന വസ്ത്രം മനസാ സ്വീകരിച്ചവരെ അതിൽനിന്ന് വിലക്കുന്ന നിയമങ്ങൾ ഫ്രാൻസിലും ബ്രിട്ടനിലും തുർക്കിയിലും ഇതര പാശ്ചാത്യ രാജ്യങ്ങളിലും നിർമിക്കപ്പെടുകയുണ്ടായി. അതിന്റെ പേരിൽ പഠനവും ജോലിയും വിലക്കാനും പെൺകുട്ടികളെ ആക്രമിക്കാനും വരെ ഭൗതിക തീവ്രവാദികൾ മുതിർന്നു. വസ്ത്രം നോക്കി ആക്രമിക്കുന്ന വർഗീയവാദികളിൽനിന്ന് ഇതിനൊരു വ്യത്യാസവുമില്ല. വസ്ത്രധാരണത്തെ പ്രശ്നമാക്കി അവതരിപ്പിക്കുന്നത് പാശ്ചാത്യ ഭൗതിക തീവ്രവാദികളെപ്പോലെ ഇഷ്ടമുള്ള വസ്ത്രം ധരിക്കാനുള്ള മൗലികാവകാശത്തെയും വ്യക്തിസ്വാതന്ത്ര്യത്തെയും ചോദ്യം ചെയ്യുന്നതിനാണ്.

ഒരേ പോലുള്ള വസ്ത്രധാരണ രീതി സാമൂഹിക വേർതിരിവുകൾ ഇല്ലാതാക്കുമെന്നാണല്ലോ അധികൃതരുടെ അവകാശവാദം. സാമൂഹിക വേർതിരിവുകൾ ഇല്ലാതാക്കുന്ന ആ മഹത്തായ 'യൂനിഫോം' ഏതാണെന്നു കൂടി പാഠപുസ്തക നിർമാതാക്കൾ വ്യക്തമാക്കേണ്ടതുണ്ട്. അശ്ലീലതയും നിർലജ്ജതയും നിറഞ്ഞ പാശ്ചാത്യ വസ്ത്ര ധാരണമോ അതല്ല ശരീരം മറയ്ക്കുന്ന മാന്യ വസ്ത്രമോ?

വസ്ത്രധാരണത്തിന്റെ പേരിൽ ഭിന്നതകൾ സൃഷ്ടിക്കുന്നതിനു പകരം ഏതു വസ്ത്രം ധരിച്ചവരെയും ആദരിക്കുന്ന ബോധം വളർത്തിയെടുക്കുകയാണ് മികച്ച സമൂഹ നിർമാണത്തിനുവേണ്ടി പാഠപുസ്തകം ചെയ്യേണ്ടത്.

ഈ ചോദ്യങ്ങൾക്കു ശേഷം വിവിധ മതവിഭാഗങ്ങൾക്കിടയിൽ ഈ 'പ്രശ്നങ്ങൾ' നിലനിൽക്കുന്നുണ്ടോയെന്നും അതിനെക്കുറിച്ച് കുറിപ്പ് തയാറാക്കാനും ആവശ്യപ്പെടുന്നു. കേരളത്തിൽ ഇത്രകാലവും പ്രശ്നമാവാതിരുന്ന വസ്ത്രധാരണത്തെ പ്രശ്നമാക്കി പ്രശ്നം സൃഷ്ടിക്കുകയാണ് ഉന്നമെന്ന് വ്യക്തം. മുൻധാരണകളുടെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയോ അതല്ല, നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുകയോ ഏതാണ് പാഠപുസ്തകത്തിലെ ഇത്തരം പരാമർശങ്ങൾ വഴി സംഭവിക്കുകയെന്ന് ആലോചിക്കേണ്ടതാണ്.

പുരോഗമനം എന്ന് അതീവ ന്യൂനപക്ഷമായ ഒരു വിഭാഗം കരുതിപ്പോന്ന ധാരണകൾക്ക് മുഖ്യധാരയിൽ ഇടം കൊടുക്കുകയെന്ന ദൗത്യമാണ് പാഠപുസ്തകത്തിന്റെ ഈ ഭാഗം നിർവഹിക്കുന്നത്. പൊതുസമൂഹത്തെ പ്രതിനിധീകരിക്കുന്ന സർക്കാറിൽനിന്ന് ഇത് സംഭവിക്കാൻ പാടില്ല. ജനാധിപത്യത്തിന്റെ അന്തഃസത്തക്കുതന്നെ വിഘാതമാവുന്ന സമീപനമാണിത്. അതല്ലെങ്കിൽ മതം എന്താണെന്ന് മതവിശ്വാസികൾ തന്നെ വിശദീകരിക്കുന്ന ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തുമ്പോഴാണ് നീതി പാലിക്കാൻ സാധിക്കുക.

fasalkathikode@yahoo.co.in